"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് - ജീവനക്കാര്യം - ശ്രീ. അശ്വിൻ പി കുമാർ കെ.എ.എസ് - ന് സ്വകാര്യ ആവശ്യത്തിനായി വിദേശയാത്ര നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.4843/2024/GAD തീയതി,തിരുവനന്തപുരം, 01-11-2024

പരാമർശം:-
1. സർക്കുലർ നമ്പർ 10553/Adv.C2/2001/P&ARD തീയതി, 29.04.2002.
2. സ.ഉ. (അച്ചടി) നം. 233/2008/ധന തീയതി, 03.06.2008.
3. സ.ഉ. (അച്ചടി) നം. 418/2008/ധന തീയതി, 16.09.2008.
4. ശ്രീ. അശ്വിൻ പി കുമാർ കെ.എ.എസ് സമർപ്പിച്ച 03.10.2024 - ലെ അപേക്ഷ.

**ഉത്തരവ്**

വിനോദസഞ്ചാര വകുപ്പിൽ ഡെപ്യൂട്ടി ഡയറക്ടർ (പ്ലാനിംഗ്) ആയി സേവനമനുഷ്ഠിക്കുന്ന കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് ഓഫീസർ (ജൂനിയർ ടൈം സ്കെയിൽ) ശ്രീ. അശ്വിൻ പി കുമാർ കെ.എ.എസ് - ന് സഹോദരിയുടെ ബിരുദദാന ചടങ്ങിൽ പങ്കെടുക്കുന്നതിനായി 14.12.2024 മുതൽ 23.12.2024 വരെയുള്ള ദിവസങ്ങളിൽ യുണൈറ്റഡ് കിങ്ഡം സന്ദർശിക്കുന്നതിന് പരാമർശിത സർക്കാർ ഉത്തരവുകൾ / സർക്കുലറിലെ വ്യവസ്ഥയ്ക്ക് വിധേയമായി അനുമതി നൽകിയും, ആയതിലേക്കായി ടിയാന് കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം I ചട്ടം 78 പ്രകാരം 16.12.2024 മുതൽ 24.12.2024 വരെയുള്ള 9 ദിവസങ്ങളിൽ (പൊതു അവധി ദിവസങ്ങളായ 14.12.2024, 15.12.2024 എന്നിവ മുന്നിൽച്ചേർത്തും, 25.12.2024 പിന്നിൽച്ചേർത്തും) ആർജ്ജിത അവധി അർഹതയ്ക്ക് അനുസൃതമായി അനുവദിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

2) അവധി കാലയളവിലും ശ്രീ. അശ്വിൻ പി കുമാർ കെ.എ.എസ് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് ഓഫീസർ (ജൂനിയർ ടൈം സ്കെയിൽ) തസ്തികയിൽ തുടരുന്നതും, അവധി അവസാനിക്കുന്ന മുറയ്ക്ക് പ്രസ്തുത തസ്തികയിൽ സർവ്വീസിൽ തിരികെ പ്രവേശിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ദിലീപ്.സി.ഡി

അഡിഷണൽ സെക്രട്ടറി

ശ്രീ. അശ്വിൻ പി കുമാർ കെ.എ.എസ്, ഡെപ്യൂട്ടി ഡയറക്ടർ (പ്ലാനിംഗ്), വിനോദസഞ്ചാര വകുപ്പ്.

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം (അവധി അപേക്ഷ പരിശോധനക്കുശേഷം തിരിച്ചയക്കുന്നതിനായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു).

പൊതുഭരണ (ഇ-അഡ്മിനിസ്ട്രേഷൻ) വകുപ്പ്.

വെബ് ആന്റ് ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by

Binu Kumar N S

Date: 01-11-2024 13:20:48

സെക്ഷൻ ഓഫീസർ